(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയിൽ ജലവൈദ്യുതിയും താപവൈദ്യുതിയും എത്ര യൂണിറ്റ് വീതമാണ് വിതരണം ചെയ്തിരുന്നത് ;

(ബി) അന്ന് ഇവ തമ്മിലുള്ള അനുപാതം എത്രയായിരുന്നു ;

(സി) അന്ന് ഒരു യൂണിറ്റ് വൈദ്യുതിയുടെ ചാർജ്ജ് എത്രയായിരുന്നു ;

(ഡി) ഇപ്പോൾ സംസ്ഥാനത്തിനാവശ്യമായ വൈദ്യുതിയിൽ ജലവൈദ്യുതിയും താപവൈദ്യുതിയും എത്ര യൂണിറ്റ് വീതമാണ് വിതരണം ചെയ്യുന്നത് ;

(ഇ) ഇപ്പോൾ ഇവ തമ്മിലുള്ള അനുപാതം എത്രയാണ് ;

(എഫ്) ഇപ്പോൾ ഒരു യൂണിറ്റ് വൈദ്യുതിയുടെ ചാർജ്ജ് എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന 1996 മേയ് മാസത്തിൽ സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയിൽ 413.6834 മില്യൺ യൂണിറ്റ് ജലവൈദ്യുതിയും 294 : 124 മില്യൺ യൂണിറ്റ് താപവൈദ്യുതി യുമാണ് വിതരണം ചെയ്തിരുന്നത്.

(ബി) അനുപാതം 58.5 : 41.5 ആയിരുന്നു.

(സി) അന്ന് നിലവിലിരുന്ന താരിഫ് നിരക്കിന്റെ ഗസറ്റ് വിജ്ഞാപനം അനുബന്ധമായി വച്ചിട്ടുണ്ട്†.

(ഡി) 2001 ജനുവരിയിൽ ആവശ്യമായ വൈദ്യുതിയിൽ 491.9374 മില്യൺ യൂണിറ്റ് ജലവൈദ്യുതിയും 716.66 (മില്യൺ യൂണിറ്റ്) താപവൈദ്യുതിയുമാണ് വിതരണം ചെയ്തത്.

(ഇ) അനുപാതം 44.4 : 55.6 ആണ്.

(എഫ്) 1999 മേയിൽ നിലവിൽ വന്ന താരിഫ് നിരക്കുകളുടെ ഗസറ്റ് വിജ്ഞാപനം അനുബന്ധമായി വച്ചിട്ടുണ്ട്†.

വൈദ്യുത പദ്ധതികൾ

91 (316) ശ്രീ. എം. മുരളി :
പ്രൊഫ. സാവിത്രി ലക്ഷ്മണൻ :
ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ജലവൈദ്യുതിക്കാണോ താപനിലയങ്ങൾ മുഖേന ലഭിക്കുന്ന വൈദ്യുതിക്കാണോ ഊന്നൽ നൽകുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത് ;

† അനുബന്ധം XVI, XVI 'എ'

LIBRARY ARCHIVES Kerala Legislative Assembly

(ബി) അതിനുള്ള കാരണമെന്തെന്ന് വിശദീകരിക്കുമോ ;

(സി) സംസ്ഥാനത്ത് കൂടുതൽ ജലവൈദ്യുതിനിലയങ്ങൾ സ്ഥാപിക്കുവാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തെല്ലാം ;

(ഇ) ഹൈക്കോടതിയിൽ വൈദ്യുതി ബോർഡിലെ സിവിൽ ബ്രാഞ്ച് എൻജിനീയേഴ്സ് അസോസിയേഷൻ എന്തെങ്കിലും പൊതുതാൽപര്യ ഹർജി കൊടുത്തിട്ടുണ്ടോ ;

(എഫ്) ഈ ഹർജിക്ക് വൈദ്യുതി ബോർഡ് സത്യവാങ്മൂലം സമർപ്പിച്ചുവോ; എങ്കിൽ വിശദവിവരം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് ജലവൈദ്യുതിക്ക് കൂടുതൽ ഊന്നൽ നൽകുവാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്.

(ബി) ജലവൈദ്യുതി പദ്ധതികളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിക്ക് താപനിലയങ്ങളിൽ നിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതിയേക്കാൾ ഉല്പാദന ചെലവ് വളരെ കുറവാണ് എന്നതാണ് കാരണം.

(സി) ഉണ്ട്.

(ഡി) വൈദ്യുതി ഉല്പാദന ചെലവ് ജലവൈദ്യുത പദ്ധതികൾക്ക് താരതമ്യേന കുറവാണ് എന്നതാണു കാരണം.

(ഇ) ഉണ്ട്.

(എഫ്) ഇല്ല.

ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കമ്മീഷൻ ചെയ്ത വൈദ്യുതപദ്ധതികൾ

92 (317) ശ്രീ. കെ. സി. ജോസഫ് :

പ്രൊഫ. സാവിത്രി ലക്ഷ്മണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഏതെല്ലാം വൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു ; വിശദാംശം നൽകാമോ ;

(ബി) ഓരോന്നിന്റേയും സ്ഥാപിതശേഷിയും പ്രവർത്തനശേഷിയും എത്ര വീതമാണ് ;

(സി) ഓരോ പദ്ധതിയുടെയും പണി എന്നാണ് ആരംഭിച്ചതെന്നും വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly